**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1058** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>അധ്യാപകരുടെ ജോലി സംരക്ഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കലാ-കായിക അധ്യാപകരുടെയും മറ്റ് സ്പെഷലിസ്റ്റ് അധ്യാപകരുടെയും സ്ഥിരമായ ജോലിസംരക്ഷണം ഉറപ്പാക്കുന്നതിനായി മുൻ സർക്കാർ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 13.02.2025 ലെ സ.ഉ.(കൈ) നം.30/2025/പൊവിവ നമ്പർ ഉത്തരവ് പ്രകാരം യു.പി/ ഹൈസ്കൂൾ വിഭാഗങ്ങളിലെ സംരക്ഷണത്തിന് അർഹതയുള്ള കായിക അധ്യാപകരെ വ്യവസ്ഥകളോടെ പൂൾ ചെയ്ത് നിലനിർത്താൻ ഉത്തരവായിരുന്നു.

സ.ഉ.(കൈ)നം.162/2025/പൊവിവ തീയതി 24-09-2025 പ്രകാരം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ (സർക്കാർ/എയ്ഡഡ്) 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടം സംഭവിക്കുന്ന കലാ-കായിക അധ്യാപകരെ നിലനിർത്തുന്നതിനായി, നിബന്ധനകൾക്ക് വിധേയമായി, കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഇളവ് നൽകിക്കൊണ്ട് 2025-2026 അധ്യയന വർഷം യു.പി വിഭാഗത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:300 ആയി പുനഃക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.

2023-24, 2024-25 കാലയളവിൽ തസ്തിക നഷ്ടപ്പെട്ട് സേവനത്തിൽ നിന്നും പുറത്തുപോയ കലാ-കായിക അധ്യാപകർക്ക് 24-09-2025 ലെ സ.ഉ.(കൈ)നം.162/2025/പൊവിവ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി മാത്രം, 2023-24, 2024-25 കാലയളവിലെ സാമ്പത്തിക ആനുകൂല്യങ്ങൾക്കും അനുബന്ധ ആനുകൂല്യങ്ങൾക്കും അർഹതയില്ല എന്ന നിബന്ധനയിൽ, 24/09/2025 ലെ ഉത്തരവിന് 2023-24 അധ്യയന വർഷം മുതൽ മുൻകാലപ്രാബല്യം നൽകി 17.10.2025 ലെ സ.ഉ.(കൈ)നം.170/2025/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.കായിക അധ്യാപകരുടെ സംരക്ഷണം ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**(ബി)** കലാ-കായിക അധ്യാപകരുടെയും മറ്റ് സ്പെഷലിസ്റ്റ് അധ്യാപകരുടെയും സ്ഥിരമായ ജോലിസംരക്ഷണം ഉറപ്പാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിഷയം പരിശോധിച്ചു വരുന്നു.

**(സി)** 9, 10 ക്ലാസുകളിലെ അധ്യാപക- വിദ്യാർത്ഥി അനുപാതം 1:40 എന്ന നിലയിൽ ക്രമീകരിച്ച് അധ്യാപകരുടെ തസ്തിക സംരക്ഷിക്കുന്നതിനുള്ള നടപടി 2025-2026 അധ്യയന വർഷത്തിൽ സ്വീകരിച്ചിരുന്നോ എന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** ഇല്ല.

**(ഡി)** 9, 10 ക്ലാസുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 എന്ന നിലയിൽ ക്രമീകരിച്ച് അധ്യാപകരുടെ തസ്തിക സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടി 2026-2027 അധ്യയന വർഷത്തിൽ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(ഇ)** സംസ്ഥാനത്തെ ജനസംഖ്യയിൽ കുട്ടികളുടെ എണ്ണം കുറയുന്ന സാഹചര്യത്തിൽ 9,10 ക്ലാസുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 എന്ന നിലയിൽ സ്ഥിരമായി ക്രമീകരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**